# പുലീപ്പി ഹിന്ദു എൽ.പി. സ്കൂൾ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26



പുലീപ്പി ഹിന്ദു എൽ .പി.സ്കൂൾ,കണ്ണാടിപ്പറമ്പ്

PULEEPPI HINDU L.P. SCHOOL

തമസോ മാ ജ്യോതിർ ഗമയ

ESTD 1905

KANNADIPARAMBA

# പുലീപ്പി ഹിന്ദു എൽ.പി.സ്കൂൾ

## അക്കാദമിക മാസ്റ്റർ പ്ലാൻ

2025-26

ഗുണമേന്മാവിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ലക്ഷ്യം. ഓരോ കുട്ടിയുടെയും അറിവും കഴിവും അതാതു പ്രായഘട്ടത്തിനനുസരിച്ചു കരിക്കുലം വിഭാവനം ചെയ്ത പ്രകാരം ഏറ്റവും ഉയർന്ന തലത്തിലേക്കെത്തിക്കുന്നതിലൂടെ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാനാവൂ. അക്കാദമികമായി ഈ കാര്യങ്ങൾ ഉറപ്പാക്കാൻ കൃത്യമായ ആസൂത്രണം വേണം. അതിന്റെ ഭാഗമായി മാത്രമേ കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെയും സവിശേഷമായതുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞു മുഴുവൻ കുട്ടികൾക്കും പഠനമുന്നേറ്റത്തിനു തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയു. ഇങ്ങനെ നമ്മുടെ സ്കൂളിലെ മുഴുവൻ കുട്ടികളുടെയും അക്കാദമിക വളർച്ചക്കു വേണ്ടി തയ്യാറാക്കുന്ന ഭാവി പരിപാടികളെക്കുറിച്ചുള്ള പദ്ധതിക്കു വേണ്ടിയുള്ള സമഗ്രമായ ആസൂത്രണ രേഖയാണിത്.



## സാമൂഹ്യ പശ്ചാത്തലം

കണ്ണൂർ ജില്ലയിൽ തികച്ചും സാധാരണക്കാരായ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പഞ്ചായത്താണ് നാറാത്ത് .ഈ പഞ്ചായത്തിലെ കണ്ണാടിപ്പറമ്പ് വില്ലേജിലാണ് സ്കൂൾ സ്ഥിതിചെയ്യുന്നത്.1905 ൽ സ്വർഗീയ തേലക്കാടൻ ചാത്തോത്ത് ചന്തു നമ്പ്യാർ എഴുത്തച്ഛൻ സ്ഥാപിച്ച ഈ വിദ്യാലയം 2005 ൽ വിപുലമായ രീതിയിൽ ശതാബ്ദി ആഘോഷിച്ചു.ജാതിഭ്രാന്ത് നിലനിന്നിരുന്ന കാലഘട്ടത്തിൽ ഹരിജനങ്ങൾക്ക് പ്രവേശനം നൽകി കൊണ്ട് സമൂഹത്തിന് മാതൃകയായി പ്രവർത്തിച്ച ഈ വിദ്യാലയത്തിൽ പുല്ലൂപ്പിയിലെ രണ്ട് അംബേദ്ക്കർ കോളനിയിലേയും കുട്ടികൾ ഇന്നും അവരുടെ പ്രാഥമിക വിദ്യാഭ്യാസം മികച്ച നിലയിൽ നേടിക്കൊണ്ടിരിക്കുന്നു .സമൂഹത്തിലെ മുഴുവൻ വിഭാഗത്തിൽപെട്ട കുട്ടികളും നല്ല നിലയിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയത്തെ അവരുടെ പഠനത്തിനായി ആശ്രയിക്കുന്നു.ഏകദേശം 40 സെന്റ് സ്ഥലം സ്കൂളിന് സ്വന്തമായിട്ടുണ്ട്. സ്ഥാപകമാനേജരും ഹെഡ്മാസ്റ്ററുമായിരുന്ന സ്വർഗീയ കെ.രാമർ നമ്പ്യാരാണ് ഇന്നു കാണുന്ന പുരോഗതിക്കു തുടക്കം കുറിച്ചത്.

## സ്കൂൾ ഡാറ്റ

| | |
|---|---|
| മാനേജർ | ശ്രീ.പി .സി.ദിനേശൻ |
| പ്രധാനാധ്യാപിക | ശ്രീമതി .സുധാമണി സി.വി |
| പി ടി എ പ്രസിഡണ്ട് | ശ്രീ. ബാബു കെ |
| മദർ പി ടി എ പ്രസിഡണ്ട് | ശ്രീമതി.സുഷമ എ |
| ആകെ അധ്യാപകർ | ആൺ 4+ പെൺ 7 |

# പൊതു ലക്ഷ്യങ്ങൾ

1. ഗുണമേന്മാ വിദ്യാഭ്യാസം ഉറപ്പാക്കി ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കുക.

2. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാതു ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്നുറപ്പാക്കുക.

3. കുട്ടികളുടെ അക്കാദമികവും സർഗ്ഗപരവും കായികവുമായ കഴിവുകൾ പരമാവധി പ്രോത്സാഹിപ്പിക്കുക.

4. എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകളും അറബി പഠിക്കുന്നവർക്ക് അറബിയും സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

5. മികച്ച ലൈബ്രറി, ലബോറട്ടറി എന്നിവ തയ്യാറാക്കുക.

6. എൽ. ഇ.പി. പ്രോജക്ക് പ്രവർത്തനങ്ങളിലൂടെ അക്കാദമിക തലത്തിലുണ്ടാകുന്ന പിന്നോക്കാവസ്ഥയില്ലായ്മ ചെയ്യുക.

7. രക്ഷിതാക്കളെ കൂടുതൽ അടുപ്പിക്കാനായി വിവിധ മത്സര പരിപാടികൾ സംഘടിപ്പിക്കുക.

8. വൈകുന്നേരങ്ങളിൽ കുട്ടികളുടെ പഠനപിന്നോക്കാവസ്ഥ പരിഹരിക്കാനുള്ള ക്ലാസ്സുകൾ കൈകാര്യം ചെയ്യുക

9. സ്കൂളും പരിസരവും പ്ലാസ്റ്റിക്ക് മുക്തമാക്കൽ പ്രവർത്തനം നടപ്പാക്കുക



## 2025-2026

| ക്ലാസ്സ് | എല്ലാ വിഭാഗത്തിലും ഉള്ളവർ | | | SC | | | ST | | |
|---|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| Pre primary | 20 | 26 | 46 | | | | | | |
| I | 27 | 18 | 45 | 5 | 3 | 8 | | | |
| II | 21 | 22 | 43 | 5 | 8 | 13 | | | |
| III | 14 | 23 | 37 | 1 | 6 | 7 | | | |
| IV | 26 | 19 | 45 | 6 | 5 | 11 | | | |
| V | 19 | 18 | 37 | 5 | 6 | 11 | | | |
| ആകെ | 127 | 126 | 253 | | | | | | |

### അധ്യാപകർ നിലവിലെ അവസ്ഥ

| വിഭാഗം | എണ്ണം | സ്ഥിരം | താൽക്കാലികം | 3 വർഷത്തിൽ കൂടുതൽ ഇതേ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നവർ |
|---|---|---|---|---|
| HM | 1 | 1 | | 1 |
| LPST | 8 | 8 | | 6 |
| ARABIC | 1 | 1 | | 1 |
| PRE PRIMARY | 2 | | | 2 |

## നേട്ടങ്ങൾ

പാഠ്യ പാഠ്യേതര കാര്യങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന വിദ്യാലയമാണ് നമ്മുടേത്. വർഷങ്ങളായി എൽ.എസ്.എസ്. പരീക്ഷയിൽ മികച്ച വിജയം നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾ നേടി വരുന്നു. പഞ്ചായത്ത് തലത്തിൽ മികച്ച സ്ഥാനം നമുക്ക് ലഭിച്ചു വരുന്നു. നവോദയ വിദ്യാലയത്തിലേക്ക് വർഷങ്ങളായി കുട്ടികൾ ഇവിടുന്ന് നൽകുന്ന പരിശീലനത്തിലൂടെ പ്രവേശനം നേടിക്കൊണ്ടിരിക്കുന്നു. മേളകളിൽ മികച്ച സ്ഥാനവും സ്കൂൾ നേടിക്കൊണ്ടിരിക്കുന്നു. പ്രാദേശികമായി നടക്കുന്ന പരിപാടികളിലും കുട്ടികൾ പങ്കെടുത്ത് വിജയം കൈവരിക്കാറുണ്ട്. സജീവമായ പി.ടി.എ, ക്ലാസ്സ് പി.ടി.എ പിന്തുണയായി പ്രവർത്തിക്കുന്നു. അടുത്ത കാലത്തായി വിദ്യാലയത്തിന് പുതിയ കെട്ടിടവും ചുറ്റുമതിലും മാനേജർ നിർമ്മിച്ചിട്ടുണ്ട്. ജനപ്രതിനിധികളുടെ സഹായവും സ്മാർട്ട് ക്ലാസ്സുമുറി സജ്ജീകരണത്തിനടക്കം ലഭിച്ചിട്ടുണ്ട്. പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണവും നേട്ടമാണ്.

## പരിമിതികൾ

പ്രധാനമായും അംബേദ്കർ ഗ്രാമത്തിലെ കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. സാമ്പത്തികമായി മെച്ചപ്പെട്ട അവസ്ഥയിലല്ല അവർ. അതുകൊണ്ടു തന്നെ സ്കൂളിന്റെ വികസനപ്രവർത്തനങ്ങളിൽ വേണ്ടത്ര സഹായിക്കാൻ അവർക്കു പരിമിതികളുണ്ട്. കുട്ടികൾക്ക് ആവശ്യമായ കളിസ്ഥലം, പാർക്ക്, ഡൈനിംഗ് റൂം, ലൈബ്രറി റൂം എന്നിവ ഇല്ലാത്തത് നേരിടുന്ന പരിമിതികൾ തന്നെയാണ്. സംവിധാനങ്ങളിലില്ലാത്തതും പരിമിതികളാണ്.



## മേഖല : ഭൗതികം

ലക്ഷ്യങ്ങൾ

- 3 വർഷത്തിനുള്ളിൽ സ്കൂളിന് ചുറ്റുമതിൽ , റോഡ്, കുട്ടികളുടെ പാർക്ക്, വിശാലമായ കളിക്കളം എന്നിവ ഉണ്ടാക്കുക.
- എല്ലാ ക്ലാസ്സുകളും സ്മാർട്ട് ക്ലാസ്സ്റൂമുകളാക്കുക. അതിനായി 5 പ്രൊജക്ടറുകൾ കൂടി ആവശ്യമുണ്ട്.
- നിലവിലുള്ള കളിക്കളത്തിന് മീതെ മേൽക്കൂര നിർമ്മിക്കുക.
- കുട്ടികൾക്ക് ഭക്ഷണം കഴിക്കാൻ പ്രത്യേക ഹാൾ.
- സ്കൂൾ ആവശ്യത്തിനുള്ള വൈദ്യുതി ലഭിക്കുന്നതിന് സോളാർ പാനൽ.

## മേഖല : അക്കാദമികം

## ഉപമേഖല :വായന പരിപോഷിപ്പിക്കുന്നതിനു ലൈബ്രറി ശാക്തീകരണം

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സ്കൂൾ ലൈബ്രറി മാതൃകാപരമായി ക്രമീകരിച്ച് ആകർഷകമാക്കുകയും പുസ്തകങ്ങളുടെ ഫലപ്രദമായ ഉപയോഗം നടത്തുകയും ചെയ്യും | നിലവിൽ ലഭ്യമായ പുസ്തകങ്ങളെ അക്ഷരമാല ക്രമത്തിൽ ക്രമീകരിക്കുന്നു. മാസങ്ങളിൽ ഇനം തിരിച്ച് തരംതിരിക്കുന്നു. ഓരോ ക്ലാസിനും ഉപയോഗിക്കാവുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു | ഒരു അധ്യയന വർഷം | ക്ലാസ് അധ്യാപകർ | |
| | | പുസ്തകവിതരണത്തിനുള്ള സൗകര്യം ഒരുക്കുന്നു | | | |
| 2 | ഓരോ ക്ലാസിനും ലൈബ്രറി | ലൈബ്രറി രജിസ്റ്റർ സൂക്ഷിക്കുന്നു | വായനാദിനം മുതൽ | | |
| 3 | പിറന്നാളിന് ക്ലാസ് ലൈബ്രറിയിലേക്ക് ഒരു പുസ്തകം | | പിറന്നാൾ ദിനത്തിൽ | | |
| 4 | പുസ്തക പ്രദർശനം വായിക്കാനും വാങ്ങാനുമുള്ള അവസരം | വിവിധ പ്രസാദകരും ഏജൻസികളും ആയി ബന്ധപ്പെട്ട പുസ്തകങ്ങൾ ശേഖരിക്കുന്നു | വായനാവാരം സമാപന ദിവസം | PTA അധ്യാപകർ | |

11-06-2025, 23:5:

## മേഖല : അക്കാദമികം

## ഉപമേഖല : കലാകായിക പ്രവൃത്തിപരിചയ വിദ്യാഭ്യാസം

ആമുഖം : ഗുണനിലവാരമുള്ള വിദ്യാഭ്യാസം കുട്ടികളുടെ സമഗ്രമായ വികാസം ഉറപ്പാക്കണം സർഗ്ഗപരവും കലാപരവുമായ കഴിവുകൾ കണ്ടെത്താനും വികസിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും അവസരം ഒരുക്കുക കൂടി ചെയ്യുമ്പോഴാണ് വിദ്യാലയം മികവിന്റെ കേന്ദ്രമാകുന്നത്. ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഓരോ കുട്ടിയുടെയും കായികക്ഷമത വർദ്ധിപ്പിക്കുന്നതോടൊപ്പം ഈ മേഖലയിലെ പ്രതിഭകളെ കണ്ടെത്തേണ്ടതുണ്ട്.

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | വിദ്യാലയത്തിൽ എത്തുന്ന എല്ലാ കുട്ടികളുടെയും കലാകായിക പ്രവൃത്തി പരിചയശേഷികൾ വികസിപ്പിക്കുക | മുന്നൊരുക്കം<br>ശേഷികളുടെ ലിസ്റ്റ് തയ്യാറാക്കൽ | | അധ്യാപകർ | |
| 2 | യോഗ പരിശീലനം | വിദഗ്ധരുടെ സേവനം ലഭ്യമാക്കൽ | | | |
| 3 | കായിക പരിശീലനം | എല്ലാ ക്ലാസിലും എല്ലാ ആഴ്ചയിലും ഒരു പിരീഡ് | | ക്ലാസ് അധ്യാപകർ | |
| 4 | ബാലസഭ /ക്ലാസ് സഭ | രണ്ടാഴ്ചയിൽ ഒരു ദിവസം | | ക്ലാസ് അധ്യാപകർ | |
| 5 | നാടൻ കളികളുടെ പരിശീലനം | രണ്ടാഴ്ചയിൽ ഒരു ദിവസം | | അധ്യാപകർ | |
| 6 | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തിയ വാർഷികപത്രം | വർഷാവസാനം | | അധ്യാപകർ | |
| 7 | ഭാഷാ അസംബ്ലി | | | അധ്യാപകർ | |

# മേഖല : അക്കാദമികം

## ഉപമേഖല :III.ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അഞ്ചാം ക്ലാസിൽ നിന്നും പുറത്തു പോകുന്ന കുട്ടികളെ ഹിന്ദി ഭാഷ കൈകാര്യം ചെയ്യാൻ കഴിവുള്ളവരാക്കിത്തീർക്കും. | ഹിന്ദിയിലുള്ള കവിത കഥ ചെറുകഥകൾ കാർട്ടൂൺ ഇവ കാണാനുംകേൾക്കാനുമുള്ളസാധ്യതകൾ ഉപയോഗിക്കുന്നു | ജൂൺ ജൂലൈ | ഹിന്ദി ടീച്ചർ | |
| | കളികൾ കളികളുടെ നിർദ്ദേശങ്ങൾ എന്നിവ ഹിന്ദിയിൽ | ജൂലൈ | ഹിന്ദി ടീച്ചർ | |
| | ഹിന്ദി പിരീഡുകളിൽ ഹിന്ദി മാത്രം സംസാരിക്കുന്നു | ആഗസ്റ്റ് മുതൽ | ഹിന്ദി ടീച്ചർ | |
| | ഹിന്ദിയിൽ അസംബ്ലി ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു | മാസത്തിലൊരിക്കൽ | ഹിന്ദി ടീച്ചർ പ്രധാന അധ്യാപകൻ ക്ലാസ് ടീച്ചർ | |
| | ഹിന്ദി ഫെസ്റ്റ് | ജനുവരി | ഹിന്ദി ടീച്ചർ പ്രധാന അധ്യാപകൻ പി ടി എ | പി ടി എ |

# മേഖല : അക്കാദമികം

## ഉപമേഖല :IV അറബിക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം ക്ലാസ് റൂമുകളിൽ ഒരുക്കുക | വായന മത്സരം ,ക്ലാസ് ലൈബ്രറി ,മാസിക നിർമ്മാണം, ചുമർപത്ര നിർമ്മാണം ,ക്ലാസ് വായന | ഒരു വർഷം | അറബിക് ടീച്ചർ | |
| ഭാഷാ പഠനത്തിൽ ഐടിയുടെ സാധ്യത പ്രയോജനപ്പെടുത്താനും വികസിപ്പിക്കാനും ഉള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക | കഥകളുടെയും പാട്ടുകളുടെയും വീഡിയോ പ്രദർശനം<br>അറബി ടൈപ്പിംഗ് പരിശീലിപ്പിക്കുന്നു | ഒരു വർഷം | അറബിക് ടീച്ചർ | |
| ഭാഷ പഠനത്തിലൂടെ സർഗ്ഗശേഷികൾ വികസിപ്പിക്കുക | അറബി ഫെസ്റ്റ്<br>കുട്ടികളുടെ വ്യത്യസ്ത കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന മത്സരങ്ങൾ സംഘടിപ്പിക്കുക ഉദാഹരണം പദനിർമാണം പദ്യം ചൊല്ലൽ കഥ പറയൽ | ഒരു വർഷം | അറബിക് ടീച്ചർ<br>പിടിഎ | |
| ദിനാചരണങ്ങൾ | ദിനാചരണങ്ങളിൽ പോസ്റ്റർ നിർമ്മാണം | ഒരു വർഷം | അറബിക് ടീച്ചർ | |
| പദപരിചയം അറബി പദസമ്പത്ത് വർദ്ധിപ്പിക്കൽ | ഓരോ ദിവസവും ഒരു പദം വീതം നോട്ടീസ് ബോർഡിൽ പതിക്കുന്നു. വിദ്യാർത്ഥികൾ എഴുതിയെടുക്കുന്നു മാസത്തിൽ വിലയിരുത്തുന്നു മികച്ച കുട്ടിക്ക് സമ്മാനം നൽകുകയും ചെയ്യുന്നു | ഒരു വർഷം | അറബിക് ടീച്ചർ | |

# മേഖല : അക്കാദമികം

## ഉപമേഖല :ശാസ്ത്ര സാമൂഹ്യശാസ്ത്ര ഗണിതശാസ്ത്ര മേഖലയിൽ കൂടുതൽ അറിവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര ലാബ് സജ്ജീകരിക്കൽ | ക്ലബ്ബുകളുടെ രൂപീകരണം<br>ഉപകരണങ്ങളും രാസവസ്തുക്കളും തരം തിരിച്ച ശാസ്ത്രലാബിൽ ക്രമീകരിക്കൽ | ജൂൺ<br>ജൂലൈ | സയൻസ് ക്ലബ് | പി ടി എ |
| ശാസ്ത്രപ്രവർത്തനം മനസ്സിലാക്കൽ | സ്കൂൾതല ശാസ്ത്രമേള സംഘടിപ്പിക്കൽ<br>ഉപജില്ലാതല മത്സരങ്ങളിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് ,<br>പി ടി എ<br>അധ്യാപകർ | പി ടി എ |
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | ലഘുപരീക്ഷണങ്ങളുടെ അവതരണം കുട്ടികൾ പ്രവർത്തനക്രമം ചിത്രസഹിതം നോട്ടിൽ രേഖപ്പെടുത്തൽ | മാസത്തിലൊരിക്കൽ | എസ് ആർ ജി ,<br>സയൻസ് ക്ലബ് | പി ടി എ |
| കുട്ടിശാസ്ത്രജ്ഞരെ വാർത്തെടുക്കൽ<br>ശാസ്ത്ര പ്രതിഭകൾക്ക് പരിശീലനം | ശാസ്ത്രശില്പശാലകൾ | അവധി ദിവസങ്ങളിൽ | പി ടി എ<br>എസ് ആർ ജി ,<br>എസ് എസ് ജി | പി ടി എ |
| വിശാലമായ സാമൂഹിക ശാസ്ത്ര ഭൂമികയിലേക്ക പ്രവേശിക്കൽ | സാമൂഹ്യശാസ്ത്രവായന കോർണർ - പുസ്തകങ്ങൾ ,ഇയർ ബുക്കുകൾ ,അറ്റ്ലസ് എന്നിവ ക്രമീകരിക്കുന്നു . സാമൂഹ്യ ശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര | വർഷത്തിൽ ഒരു പ്രാവശ്യം | എസ് ആർ ജി ,<br>സാമൂഹ്യശാസ്ത്രക്ലബ് | പി ടി എ |
| ഗണിത ശാസ്ത്ര ലാബ് സജ്ജീകരിക്കൽ | ഗണിതശാസ്ത്ര ലാബ് സജ്ജീകരിക്കൽ | ആവശ്യാനുസരണം | അധ്യാപകർ | പി ടി എ |

# മേഖല : അക്കാദമികം

## ഉപമേഖല :IT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അഞ്ചാം ക്ലാസ്സിൽ നിന്നും പാസ്സായിപ്പോകുന്ന എല്ലാ വിദ്യാർത്ഥികൾക്കും കമ്പ്യൂട്ടറിൽ മലയാളം ടൈപ്പിംഗ് അറിയുന്നതിനും ഇ മെയിൽ അയക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കൽ . | മൗസ് പിടിക്കുന്നതിനും ചെറിയ രീതിയിലുള്ള ഗെയിംസ് കളിക്കുന്നതിനുമുള്ള ശേഷി നേടുന്നു . | ക്ലാസ് 1 | ക്ലാസ് ടീച്ചർ | |
| | പാഠഭാഗങ്ങൾക്കനുയോജ്യമായ പ്രവർത്തനങ്ങൾ കീബോർഡും മൗസും ഉപയോഗിച്ച് ചെയ്യുന്നു. ( ഉദാ ഗണിതത്തിൽ സങ്കലനം വ്യവകലനം തുടങ്ങിയവ ചെയ്യുന്നു ) | ക്ലാസ് 2 | ക്ലാസ് ടീച്ചർ | |
| | ഇംഗ്ലീഷ് ടൈപ്പ് ചെയ്യാൻ പരിശീലിക്കുന്നു . | ക്ലാസ് 3 | ക്ലാസ് ടീച്ചർ | |
| | മലയാളം ടൈപ്പിംഗ് | ക്ലാസ് 4,5 | ക്ലാസ് ടീച്ചർ | |

| ക്രമ നമ്പർ | മാസം | ദിനാചരണം | പ്രവർത്തനങ്ങൾ |
|---|---|---|---|
| 1 | ജൂൺ | 2 പ്രവേശനോത്സവം<br>5 ലോകപരിസ്ഥിതിദിനം<br>19 വായനാദിനം<br>21 യോഗ ദിനം<br>PTA Meeting | |
| 2 | ജൂലൈ | 5 ബഷീർ ദിനം<br>11 ലോകജനസംഖ്യാദിനം<br>21 ചാന്ദ്രദിനം | |
| 3 | ആഗസ്റ്റ് | 6 ഹിരോഷിമ ദിനം<br>9 ക്വിറ്റ് ഇന്ത്യ ദിനം,,<br>9 നാഗസാക്കി ദിനം<br>15 സ്വാതന്ത്ര്യദിനം | |
| 4 | സെപ്റ്റംബർ | 5 അധ്യാപക ദിനം<br>14 ഹിന്ദി ദിനം<br>16 ഓസോൺ ദിനം | |
| 5 | ഒക്ടോബർ | 1 വയോജന ദിനം<br>2 ഗാന്ധിജയന്തി<br>16 ലോക ഭക്ഷ്യദിനം | |
| 6 | നവംബർ | 14 ശിശുദിനം | |
| 7 | ഡിസംബർ | | |
| 8 | ജനുവരി | 26 റിപ്പബ്ലിക് ദിനം | |
| 9 | ഫെബ്രുവരി | | |
| 10 | മാർച്ച് | | |

## ഉപസംഹാരം

ജാതീയമായ വേർതിരിവ് നിലനിന്നിരുന്ന ഒരു സാമൂഹിക ചുറ്റുപാടിൽ പിന്നോക്ക സമുദായത്തിൽ പെട്ട ഒരു ജനതയെ വിദ്യാഭ്യാസത്തിലൂടെ ഉയർച്ചയിലേക്കു നയിച്ച നമ്മുടെ വിദ്യാലയത്തിന് ആഗ്രഹിക്കുന്ന രീതിയിലുള്ള ഭൗതികസാഹചര്യം നേടിയെടുക്കാൻ ഏറെ പരിമിതികളുണ്ട്. എങ്കിലും ഏറെ സൗകര്യമുള്ള കെട്ടിടവും മെച്ചപ്പെട്ട കുടിവെള്ള സംവിധാനങ്ങളും ഭാഗികമായി ചുറ്റുമതിലും ഗേറ്റും ഉണ്ടാക്കുവാൻ കഴിഞ്ഞു. അക്കാദമികമായി നല്ല മികവ് പുലർത്താനും ശ്രദ്ധിക്കുന്നു. പി.ടി.എ. നൽകുന്ന പിന്തുണയും ശ്രദ്ധേയമാണ്. ഏറെ മെച്ചമില്ലാത്ത സാമ്പത്തിക ചുറ്റുപാടുകളിലുള്ള രക്ഷിതാക്കളുടെയും നാട്ടുകാരുടെയും സഹായം കൊണ്ട് ലക്ഷ്യം വെച്ച ഭൗതിക നേട്ടങ്ങളുണ്ടാക്കുവാൻ പ്രയാസമുണ്ട്. തദ്ദേശസ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹായം മാനേജ്മെന്റിന്റെ സഹകരണവുമൊന്നിച്ചാൽ ചെറിയ ഈ ഗ്രാമത്തിലെ ജനതയുടെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് വലിയ ലക്ഷ്യങ്ങൾ വിദൂരമല്ലായെന്ന് ഉറപ്പിച്ചു പറയാം.

